**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2554** **27-02-2023 - ൽ മറുപടിയ്ക്ക്**

**മരണപ്പെട്ട കരാർ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി പോസ്റ്റുകളിൽ അറ്റകുറ്റപ്പണികൾ ചെയ്തു വരവേ വൈദ്യുതാഘാതത്താൽ മരണപ്പെട്ടിട്ടുള്ള കരാർ തൊഴിലാളികളുടെ കുടുംബങ്ങളുടെ സംരക്ഷണത്തിന് വകുപ്പ് എന്തെങ്കിലും സഹായം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ? | (എ) | അഞ്ച് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെപ്പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.<br><br>**കരാർ തൊഴിലാളികൾക്കുള്ള മരണാനന്തര നഷ്ടപരിഹാരം**<br><br>(1) പ്രായവും മാസവേതനവും അനുസരിച്ച് 1923- ലെ തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം 7,50,275/- രൂപ മുതൽ 17,14,050/- രൂപ വരെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. (03.01.2020 മുതൽ).<br><br>(2) ശവസംസ്കാര ചെലവിനായി 5,000/- രൂപയ്ക്ക് അർഹതയുണ്ട്.<br><br>അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകട മരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിക്കും. അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന തൊഴിലാളിയുടെ നഷ്ടപരിഹാരതുക 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിം/കരാറുകാരൻ കെട്ടിവച്ചിട്ടുള്ള |

| | | | |
|---|---|---|---|
| | | | സെക്യൂരിറ്റി ഡെപ്പോസിറ്റ്/കരാറുകാരനിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കുവാനുള്ള നടപടിക്രമങ്ങൾ പാലിച്ചു വരുന്നു.<br><br>ഇതിനു പുറമേ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിക്കുവാൻ കാലതാമസം ഉണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12% പലിശ ഉൾപ്പെടെ ലഭിക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്.<br><br>അപകടമരണം സംഭവിച്ചിട്ടുള്ള കരാർ തൊഴിലാളികൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിന് അർഹത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കിയവരുടെ ആശ്രിതർക്ക് പ്രസ്തുത നിയമപ്രകാരം നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തവരുടെ വിഷയത്തിലും വിവിധ കോടതികളിൽ കേസ് ഫയൽ നിലനിൽക്കുന്നവരുടെ കാര്യത്തിലും നഷ്ടപരിഹാരം അനുവദിക്കുന്നത് രേഖകൾ ലഭ്യമാകുന്ന മുറയ്ക്കും വിധിന്യായം പുറപ്പെടുവിക്കുന്ന മുറയ്ക്കും പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ